**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ക്ഷീര കർഷക സംഗമം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.274/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 01/02/2020

പരാമർശം:- ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 20/12/2019 ലെ ഡി 3/18524/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിന്റെ 2019 -20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2020 ഫെബ്രുവരി 15,16,17 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ വച്ച് സംഘടിപ്പിക്കുന്ന സംസ്ഥാന ക്ഷീര കർഷക സംഗമത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതിനാൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 10,000/-രൂപ വീതം അനുവദിക്കുന്നതിന് ഉത്തരവ് ഉണ്ടാകണമെന്ന് ക്ഷീര വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ വച്ച് സംഘടിപ്പിക്കുന്ന സംസ്ഥാന ക്ഷീര കർഷക സംഗമത്തിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതവും ( പതിനായിരം രൂപ ) തിരുവനന്തപുരം, കൊല്ലം ,ആലപ്പുഴ ,പത്തനംതിട്ട ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5,000/- രൂപ വീതവും (അയ്യായിരം രൂപ ) ഇതേ ജില്ലകളിലെ മുനിസിപ്പാലിറ്റികളിൽ നിന്നും 10,000/- രൂപ വീതവും (പതിനായിരം രൂപ) തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ,ക്ഷീര വികസന വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം ,ആലപ്പുഴ ,പത്തനംതിട്ട

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം ,ആലപ്പുഴ ,പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

## File No.LSGD-FM2/1/2020-LSGD

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.03 14:22:08 IST
Reason: Approved

സെക്ഷൻ ഓഫീസർ